# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4244** **28/06/2012 ൽ മറുപടിക്ക്**

## സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠന ആവശ്യങ്ങൾക്ക് വേണ്ടി കമ്പ്യൂട്ടർ മുതലായവ അനുവദിക്കാൻ സന്നദ്ധമാകുമോ; | എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ടി സ്കൂൾ സ്കീം പ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളിലെയും ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെയും സ്കൂളുകളുടെ ആവശ്യം ശേഖരിച്ച് പഠന ആവശ്യങ്ങൾക്ക് വേണ്ടി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും 2008-09 മുതൽ ലഭ്യമാക്കുന്നുണ്ട്. |
| ബി) സർവശിക്ഷാ അഭിയാൻ മുഖേന ഇതുപോലുള്ള പഠനസാമഗ്രികൾ വിദ്യാലയങ്ങൾക്ക് നൽകാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; | ബി) സർക്കാർ പ്രൈമറി വിദ്യാലയങ്ങൾക്ക് മാത്രമാണ് സർവ ശിക്ഷാ അഭിയാൻ മുഖേന കമ്പ്യൂട്ടർ ഉപകരണങ്ങൾ നൽകി വരുന്നത് |
| സി) ഉണ്ടെങ്കിൽ ഈ വർഷം അവയിലേതെല്ലാം നൽകുമെന്ന് വ്യക്തമാക്കാമോ? | സി) 2012-13 വർഷത്തിൽ സർക്കാർ അപ്പർ പ്രൈമറി വിദ്യാലയങ്ങളിലെ പഠന ആവശ്യങ്ങൾക്കു വേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ സർവ ശിക്ഷാ അഭിയാൻ മുഖേന നടപ്പിലാക്കുന്നു.<br>1. 300 സ്കൂളുകൾക്ക് 5 ലാപ്ടോപ്പ് വീതം ലഭ്യമാക്കും<br>2. 300 സ്കൂളുകൾക്ക് ഓരോ പ്രിന്റർ ലഭ്യമാക്കും.<br>3. 300 സ്കൂളുകൾക്ക് ഇലക്ട്രിഫിക്കേഷൻ ലഭ്യമാക്കും.<br>4. ഐ.ടി അറ്റ് സ്കൂളുമായി സഹകരിച്ച് 300 സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് കണക്ഷൻ മുഖേന ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കും<br>5. 6,8 എന്നീ ക്ലാസുകളിൽ ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹിക |

(.......2)

ശാസ്ത്രം എന്നീ വിഷയങ്ങൾ ക്കാവശ്യമായ പഠനബോധന സാമഗ്രികൾ, സിഡികൾ, അനിമേഷൻ സിഡികൾ എന്നിവ എസ്.ഐ.ഇ.ടി, ഐടി അറ്റ് സ്കൂൾ എന്നീ സ്ഥാപന ങ്ങളുമായി ചേർന്ന് തയ്യാറാക്കി വിതരണം ചെയ്യും.

സെക്ഷൻ ഓഫീസർ